ഹരിതകേരളം മിഷൻ
കേരള സർക്കാർ

07.09.2018

# പത്രക്കുറിപ്പ്

## പ്രളയ സ്ഥലങ്ങളിലെ കിണർവെള്ളത്തിന്റെ ഗുണനിലവാര പരിശോധന ഇന്നും (08.09.2018 നാളെയും (09.09.2018): ജനപ്രതിനിധികൾ തുടക്കം കുറിക്കും

പ്രളയബാധിത പ്രദേശങ്ങളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന ഇന്ന് (08.09.2018) ആരംഭിക്കും. ഹരിതകേരളം മിഷന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും നേതൃത്വത്തിലാണ് രണ്ടു ദിവസങ്ങളിലായി നടക്കുന്ന കിണർവെള്ള ഗുണ പരിശോധന പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റും കേരള വാട്ടർ അതോറിറ്റിയും സംരംഭത്തിൽ പങ്കാളികളാണ്.

ആദ്യഘട്ടമായി പൈലറ്റ് അടിസ്ഥാനത്തിൽ പ്രളയക്കെടുതി നേരിട്ട 6 ജില്ലകളിലെ ഒരു മുനിസിപ്പാലിറ്റിയിലെയും ഒരു പഞ്ചായത്തിലെയും പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ കിണർവെള്ളമാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്. ചെങ്ങന്നൂർ, തിരുവല്ല, വൈക്കം, നോർത്ത് പറവൂർ, ചാലക്കുടി, കൽപ്പറ്റ എന്നീ മുനിസിപ്പാലിറ്റികളും തലവടി, റാന്നി-അങ്ങാടി, തിരുവാർപ്പ്, കാലടി, മാള, പടിഞ്ഞാറത്തറ എന്നീ പഞ്ചായത്തുകളും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിന്നും 16,232 കിണറുകളിലെ കുടിവെള്ളമാണ് പരിശോധിക്കുന്നത്. തിരുവല്ലയിൽ ജലവിഭവ വകുപ്പ് മന്ത്രി മാത്യു.ടി.തോമസ് പരിപാടിക്ക് തുടക്കം കുറിക്കും. സജി ചെറിയാൻ എം.എൽ.എ, രാജു അബ്രഹാം എം.എൽ.എ, സി.കെ ആശ എം.എൽ.എ, ബി.ഡി ദേവസ്യ എം.എൽ.എ, വി.ആർ.സുനിൽകുമാർ എം.എൽ.എ, സി.കെ.ശശീന്ദ്രൻ എം.എൽ.എ തുടങ്ങിയവർ മറ്റു ജില്ലകളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പരിശോധന പരിപാടിക്ക് തുടക്കം കുറിക്കും.

ബന്ധപ്പെട്ട ജില്ലകളിലെ എൻ.എസ്.എസ് യൂണിറ്റുകളിൽ നിന്നുള്ള പരിശീലനം നേടിയ വോളണ്ടിയർമാരാണ് പരിശോധനയ്ക്കെത്തുന്നത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ് പരിശോധനയ്ക്കാവശ്യമായ കിറ്റ് ലഭ്യമാക്കിയതും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധനാ ലാബ് സജ്ജമാക്കിയതും. പരിശോധനാഫലം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കും. പ്രളയത്തെത്തുടർന്ന് മലിനമായ എല്ലാ കിണറുകളിലെയും ജലം പരിശോധനയ്ക്ക് വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിലുള്ള കിണർവെള്ള ഗുണനിലവാര പരിശോധന സംബന്ധിച്ച് ഈ മാസം 10 ന് മന്ത്രി. എ.സി. മൊയ്തീന്റെ അധ്യക്ഷതയിൽ വിലയിരുത്തി തുടർ നടപടികൾ തീരുമാനിക്കും.

ഒപ്പ്/-
**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in